# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5622 24/05/2017-ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.എം. സ്വരാജ്**<br>**ശ്രീ.പി. ഉണ്ണി**<br>**ശ്രീ.എൻ. വിജയൻ പിള്ള** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. പാശ്ചാത്യവത്ക്കരണവും നഗരവത്ക്കരണവും തുടങ്ങി ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ കാരണം പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന **അമൃതം ആരോഗ്യം** എന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. ജീവിതശൈലീ രോഗങ്ങളിലേയ്ക്ക് നയിക്കുന്ന ഘടകങ്ങളുടെ നിയന്ത്രണത്തിന് ഉതകുന്ന ബോധവത്കരണ പരിപാടി, രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ആരംഭത്തിലേ ചികിത്സിക്കുന്നതിനും സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനുമുള്ള സെക്കന്ററി കെയർ, രോഗം മൂർച്ഛിക്കാതെ ഗുരുതരാവസ്ഥയെ പ്രതിരോധിക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങളെ സജ്ജമാക്കുന്നതിനുള്ള റ്റെർഷറി കെയർ എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇത് ശാക്തീകരിക്കുന്നതിനുള്ള വിവിധ നടപടികൾ ഓരോ സാമ്പത്തിക വർഷവും സ്വീകരിച്ചുവരുന്നു. |
| ബി) | മന്ത് രോഗികൾക്കായുള്ള പ്രത്യേക സഹായ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | | മന്ത് രോഗം 2020 ഓടെ കേരളത്തിൽ നിന്നും നിവാരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് എം.ഡി.എ (സാമൂഹ്യ ചികിത്സ). സമൂഹത്തിലെ എല്ലാപേരും വർഷത്തിൽ ഒരു പ്രാവശ്യം എന്ന തോതിൽ 5 വർഷം തുടർച്ചയായി ഒരു ഡോസ് ഡി.ഇ.സി. ആൽബന്റസോൾ ഗുളികകൾകഴിക്കുന്നത് മൂലം കൊതുക് വഴിയുള്ള മന്ത് രോഗ വ്യാപനം പൂർണ്ണമായും തടയാൻ കഴിയും<br>മന്ത് രോഗികൾക്കായി വീട് വീടാന്തരം ആരോഗ്യ പ്രവർത്തകർ രാത്രികാല രക്ത പരിശോധന നടത്തിവരുന്നു. എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം സ്റ്റാറ്റിക് ക്ലിനിക്, (രാത്രികാല രക്തപരിശോധന) മോർബിഡിറ്റി ക്ലിനിക്കുകളും നടത്തിവരുന്നു. രോഗവാഹകർക്കും, മന്ത് രോഗികൾക്കും ഡി.ഇ.സി ഗുളികകളും, ആൽബൻഡസോൾ ഗുളികകളും നൽകി വരുന്നു. കൂടാതെ രോഗാതുരത കുറയുന്നതിനും അംഗവൈകല്യങ്ങൾ തടയുന്നതിനും വേണ്ടിയുള്ള ക്ലിനിക്കുകളും എല്ലാ ജില്ലയിലും നടത്തിവരുന്നു.<br>എല്ലാ താലൂക്ക് ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട ചില സി.എച്ച്.സി കളിലും മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ